PLUS 2

NOTES

Chapter Wise



സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം

അധ്യായം 1 - സൂക്ഷ്മ സാമ്പത്തിക ശാസ്ത്രത്തിനൊരു ആമുഖം

സാമ്പത്തിക ശാസ്ത്രം

ഉത്പാദനം ,ഉപഭോഗം ,വിതരണം തുടങ്ങിയ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് സാമ്പത്തിക ശാസ്ത്രം.

ഒരു സമ്പദ്‌വ്യവസ്ഥയിലെ അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ

1.എന്ത് ഉത്പ്പാദിപ്പിക്കണം? ഏതളവിൽ?- വിഭവങ്ങളുടെ വിനിയോഗവുമായി ബന്ധപ്പെട്ടത്

2.എങ്ങനെ ഉത്പ്പാദിപ്പിക്കണം? - ഉല്പാദന സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടത്

3.ആർക്കുവേണ്ടി ഉത്പ്പാദിപ്പിക്കണം? - വിതരണവുമായി ബന്ധപ്പെട്ടത്

സമ്പദ് വ്യവസ്ഥകൾ - പ്രത്യേകതകൾ


മുതലാളിത്തം	-വില സംവിധാനം, ലാഭേച്ഛ, സ്വകാര്യ ഉടമസ്ഥത
സോഷ്യലിസം	-ആസൂത്രണം, ക്ഷേമ ലക്ഷ്യം, പൊതു ഉടമസ്ഥത
മിശ്ര സമ്പദ് വ്യവസ്ഥ	പൊതു -സ്വകാര്യ ഉടമസ്ഥത,വില സംവിധാനവും ആസൂത്രണവും, ക്ഷേമവും ലാഭവും ലക്ഷ്യം.


ഉല്പാദന സാധ്യതാ വക്രം - PPC

ലഭ്യമായ വിഭവങ്ങളും, സാങ്കേതികവിദ്യയും പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് ഒരു സമ്പദ്‌വ്യവസ്ഥയ്ക്ക് ഉൽപാദിപ്പിക്കാൻ കഴിയുന്ന രണ്ട് സാധനങ്ങളുടെ വിവിധ അളവുകളുടെ സംയോജിത രേഖയാണ് ppc

Table1.1: **Production Possibilities**

Possibilities	*Corn*	*Cotton*
A	0	10
B	1	9
C	2	7
D	3	4
E	4	0





A - PPC യുടെ താഴെയുള്ള ബിന്ദു - വിഭവങ്ങളുടെ അപൂർണ ഉപയോഗത്തെ കാണിക്കുന്നു.

B - PPC യിലുള്ള ബിന്ദു - വിഭവങ്ങളുടെ പൂർണ ഉപയോഗത്തെ കാണിക്കുന്നു

C - PPC ക്ക് പുറത്തുള്ള ബിന്ദു - വിഭവങ്ങളുടെ വളർച്ചയെ കാണിക്കുന്നു

PPC യുടെ പ്രത്യേകതകൾ

1.**ഇടത്തു നിന്നും വലത്തോട്ട് താഴോട്ട് ചെരിഞ്ഞിറങ്ങുന്നു**

2.**കോൺകേവ് ആകൃതിയാണ്.**

സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം	**സ്ഥൂല സാമ്പത്തിക ശാസ്ത്രം**
സമ്പദ്‌വ്യവസ്ഥയുടെ വ്യക്തിഗത ഭാഗങ്ങൾ വിശകലനം ചെയ്യുന്നു	സമ്പദ്‌വ്യവസ്ഥയെ മൊത്തത്തിൽ വിശകലനം ചെയ്യുന്നു
വില സിദ്ധാന്തം എന്നും അറിയപ്പെടുന്നു	വരുമാന സിദ്ധാന്തം എന്നും അറിയപ്പെടുന്നു
ഉദാ - ഒരു വ്യക്തിയുടെ വരുമാനം	ഉദാ - ദേശീയ വരുമാനം

ഉല്പാദന ഘടകങ്ങൾ	**പ്രതിഫലം**
ഭൂമി	പാട്ടം
അധ്വാനം	കൂലി
മൂലധനം	പലിശ
സംഘാടനം	ലാഭം

docs.aglasem.com

aglasem.com

Chapter 2 - ഉപഭോക്തൃ പെരുമാറ്റ സിദ്ധാന്തം

ഉപയുക്തത

ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വസ്തുക്കളുടെ കഴിവിനെ **ഉപയുക്തത** എന്ന്പറയുന്നു

ഉപയുക്തതാ സിദ്ധാന്തങ്ങൾ

1.കാർഡിനൽ യൂട്ടിലിറ്റി

ഉപയുക്തതയെ അക്കങ്ങളുയോഗിച്ച് എണ്ണാം.

2. ഓർഡിനൽ യൂട്ടിലിറ്റി

ഉപയുക്തത താരതമ്യം ചെയ്യാനേ സാധിക്കുകയുള്ളൂ. എണ്ണാൻ പറ്റില്ല.

കാർഡിനൽ യൂട്ടിലിറ്റിയുടെ അളവുകൾ

1 മൊത്തം ഉപയുക്തത (T U)

ഒരു വസ്തു തുടർച്ചയായി ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന ആകെ യുക്തതയുടെ അളവാണ് മൊത്തം ഉപയുക്തത

2 സിമാന്ത ഉപയുക്തത (MU)

ഒരു വസ്തുവിന്റെ ഒരു യൂണിറ്റ് അധികമായി ഉപയോഗിക്കുമ്പോൾ കൂട്ടിച്ചേർക്കപ്പെടുന്ന ഉപയുക്തതയുടെ മൂല്യത്തെയാണ് സീമാന്ത ഉപയുക്തത എന്നു പറയുന്നത്. TU പരമാവധി ആകുമ്പോൾ MU പൂജ്യമായിരിക്കും.

അപചയ സീമാന്ത ഉപയുക്തതാ നിയമം

ഉപഭോക്താവ് ഒരു പ്രത്യേക സാധനത്തിന്റെ കൂടുതൽ കൂടുതൽ യൂണിറ്റുകൾ ഉപയോഗിക്കുമ്പോൾ അധിക യൂണിറ്റുകളുടെ സീമാന്ത ഉപയുക്തത കുറഞ്ഞുവരുന്നു എന്നതാണ് അപചയ സീമാന്ത ഉപയുക്തതാ നിയമം.

അളവ്	മൊത്തം ഉപയുക്തത	സീമാന്ത ഉപയുക്തത
1	12	12
2	18	6
3	22	4
4	24	2
5	24	0
6	22	-2




Fig. 2.1

വ്യത്യസ്ത അളവിൽ വസ്തു ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന സീമാന്ത ഉപയുക്തതയുടേയും മൊത്ത ഉപയുക്തതയുടേയും വില. വസ്തുവിന്റെ ഉപയോഗം കൂടുന്നതിനനുസരിച്ച് സീമാന്ത ഉപയുക്തത കുറഞ്ഞുവരുന്നു.

ഓർഡിനൽ യൂട്ടിലിറ്റിയുടെ അളവുകൾ

ബജറ്റ് രേഖ

ഉപഭോക്താവിന്റെ വരുമാനം പൂർണമായും ചെലവഴിച്ചാൽ അയാൾക്ക് വാങ്ങാൻ കഴിയുന്ന രണ്ട് വസ്തുക്കളുടെ കൂട്ടത്തെ ചേർത്തുവരയ്ക്കുന്ന രേഖയാണ് ബജറ്റ് രേഖ

ബജറ്റ് രേഖ സമവാക്യം $P_1X_1+P_2X_2 = M$

ഹൊറിസോണ്ടൽ ഇന്റർ സെപ്റ്റ് $= \frac{M}{P1}$

വെർട്ടിക്കൽ ഇന്റർസെപ്റ്റ് $= \frac{M}{P2}$

ബജറ്റ് രേഖയുടെ ചരിവ് $= \frac{-P1}{P2}$

*ഒന്നാമത്തെ സാധനത്തിന് 10 രൂപയും രണ്ടാമത്തെ സാധനത്തിന് 5 രൂപയും ആണെങ്കിൽ 30 രൂപ വരുമാനമുള്ള ഒരു വ്യക്തിയുടെ ബജറ്റ് ലൈൻ വരയ്ക്കുക ഹൊറിസോണ്ടൽ ഇന്റർ സെപ്റ്റ് ചെരിവ് എന്നിവ കണ്ടുപിടിക്കുക


ബജറ്റ് രേഖ സമവാക്യം $= P_1X_1+P_2X_2 = M$

$10x_1+5x_2 = 30$

ഹൊറിസോണ്ടൽ ഇന്റർ സെപ്റ്റ് $= \frac{M}{P1} = \frac{30}{10} = 3$

വെർട്ടിക്കൽ ഇന്റർ സെപ്റ്റ് $= \frac{30}{5} = 6$

ബജറ്റ് രേഖയുടെ ചരിവ് $= \frac{-10}{5} = -2$



aglasem.com
aglasem.com

നിസ്സംഗത വക്രം

ഒരു ഉപഭോക്താവിന് തുല്യ സംതൃപ്തി നൽകുന്ന രണ്ട് സാധനങ്ങളുടെ വിവിധ സംയോഗങ്ങളെ ചേർത്ത് വരയ്ക്കുന്ന രേഖയാണ് നിസ്സംഗത വക്രം.

നിസ്സംഗത വക്രത്തിന്റെ സവിശേഷതകൾ

- നിസ്സംഗത വക്രം കോൺവെക്സ് ആകൃതിയാണ്
- ഉയർന്ന നിസ്സംഗത വക്രങ്ങൾ ഉയർന്ന സംതൃപ്തി നൽകുന്നു
- രണ്ട് നിസ്സംഗത വക്രങ്ങൾ ഒരിക്കലും പരസ്പരം ഖണ്ഡിക്കുന്നില്ല
- നിസ്സംഗത വക്രം എല്ലായ്പ്പോഴും ഇടത്തുനിന്ന് വലത്തേക്ക് താഴ്ന്നു വരുന്നു

* ഒരു കൂട്ടം നിസ്സംഗതവക്രങ്ങളെ നിസ്സംഗത മാപ്പ് എന്ന് പറയുന്നു

ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ (അനുകൂലതമബിന്ദു)

ഒരു ഉപഭോക്താവിന് പരമാവധി സംതൃപ്തി നൽകുന്ന ബിന്ദുവാണ് ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ




Fig. 2.10

സന്തുലിതാവസ്ഥക്കുള്ള നിബന്ധനകൾ

a)നിസംഗതാവക്രത്തിന്റെ ചെരിവ് = ബജറ്റ് ലൈനിന്റെ ചെരിവ്

$$MRS = \frac{-P1}{P2}$$

b) ബജറ്റ് രേഖയും ഉയർന്ന നിസംഗതാ വക്രവും സ്പർശിക്കണം

ചോദന നിയമം

വിലയും ചോദനവും തമ്മിലുള്ള വിപരീത ബന്ധത്തെകാണിക്കുന്ന നിയമമാണ് ചോദന നിയമം

ചോദന വക്രം

വിലയും ചോദനത്തിന്റെ അളവും തമ്മിലുള്ള വിപരീത ബന്ധം കാണിക്കുന്ന ഗ്രാഫാണ് ചോദന വക്രം




Fig. 2.11

ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

- സാധനത്തിന്റെ വില
- മറ്റ് വസ്തുക്കളുടെ വില
- ഉപഭോക്താവിന്റെ വരുമാനം
- അഭിരുചിയും താല്പര്യങ്ങളും

ചോദനത്തിലെ മാറ്റങ്ങൾ രണ്ടുവിധം

A.ചോദന വക്രത്തിലൂടെയുള്ള നീക്കം

- ചോദന വികാസം (സാധനത്തിന്റെ വില കുറയുമ്പോൾ ചോദനം കൂടുന്നു.)
- ചോദന സങ്കോചം (സാധനത്തിന്റെ വില കൂടുമ്പോൾ ചോദനം കുറയുന്നു.)

B.ചോദനവക്രത്തിന്റെ നീക്കം (വിലയിതരഘടകങ്ങളിൽ മാറ്റമുണ്ടാകുമ്പോൾ ചോദന വർധനവോ കുറവോ ഉണ്ടാകുന്നു.)

- ചോദനവർധനവ് - ചോദനവക്രം വലത്തോട്ടേക്ക് മാറുന്നു
- ചോദനക്കുറവ് - ചോദനവക്രം ഇടത്തോട്ടേക്ക് മാറുന്നു

കമ്പോള ചോദനം: വ്യക്തിഗത ചോദനം കൂട്ടിയാൽ കിട്ടുന്നതാണ് കമ്പോള ചോദനം

ഉദാ : **കമ്പോള ചോദനം കാണുക**

P	d1	d2
1	10	20
2	8	15
3	5	10
4	4	5
5	1	2

docs.aglasem.com

aglasem.com

P	d1	d2	കമ്പോള ചോദനം
1	10	20	10+20 = 30
2	8	15	8+15 = 23
3	5	10	10+5 = 15
4	4	5	4+5 = 9
5	1	2	1+2 = 3

സാധാരണ വസ്തുക്കൾ (normal goods):ഉപഭോക്താവിന്റെ വരുമാനം വർദ്ധിക്കുമ്പോൾ, ചില സാധനങ്ങളുടെ ചോദനത്തിന്റെ അളവും വർദ്ധിക്കുന്നു. അത്തരം സാധനങ്ങളെ സാധാരണ വസ്തുക്കൾ എന്ന് വിളിക്കുന്നു.
ഉദാ: ടെലിവിഷൻ, കമ്പ്യൂട്ടർ
തരംതാണ വസ്തുക്കൾ (inferior goods): ഉപഭോക്താക്കളുടെ വരുമാനം വർദ്ധിക്കുമ്പോൾ ചില സാധനങ്ങളുടെ ഡിമാൻഡ് കുറയുന്നു. അത്തരം സാധനങ്ങളെ തരംതാണ വസ്തുക്കൾ എന്ന് വിളിക്കുന്നു. ഉദാ: ബീഡി, മരച്ചീനി.
പ്രതിസ്ഥാപനവസ്തുക്കൾ (substitutes) : ഒന്നിനു പകരം ഉപയോഗിക്കാവുന്ന മറ്റൊരു വസ്തുവാണിത് .
ഉദാ:ചായ, കാപ്പി
പൂരകവസ്തുക്കൾ (complementary goods) :ഒരാവശ്യത്തിന് ഒന്നിച്ചു ഉപയോഗിക്കുന്ന രണ്ടു വസ്തുക്കളാണിത്
ഉദാ: കാർ, പെട്രോൾ

വില ഇലാസ്തികത

ഒരു സാധനത്തിന്റെ വിലയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് സാധനത്തിന്റെ ചോദനത്തിലുണ്ടാകുന്ന മാറ്റത്തിന്റെ തോതാണ് ചോദനത്തിന്റെ വില ഇലാസ്തികത.
വില ഇലാസ്തികത പ്രധാനമായും 5 തരത്തിൽ ഉണ്ട്
1. പൂർണ ഇലാസ്തികത ചോദനം. (Perfectly elastic demand) -ഇലാസ്തികതയുടെ കേവല മൂല്യം അനന്തമായിരിക്കും.
2. പൂർണ്ണ ഇലാസ്തികതമല്ലാത്ത ചോദനം. (Perfectly inelastic demand) -ഇലാസ്തികതയുടെ മൂല്യം പൂജ്യമായിരിക്കും.
3. ഏകാത്മക ഇലാസ്തിക ചോദനം. (Unitary elastic demand)- ഇലാസ്തികതയുടെ മൂല്യം ഒന്ന് ആയിരിക്കും.
4. ഇലാസ്തിക ചോദനം. (Relatively elastic demand)- ഇലാസ്തികതയുടെ മൂല്യം ഒന്നിനേക്കാൾകൂടുതൽ ആയിരിക്കും.
5. ഇലാസ്തികമല്ലാത്ത ചോദനം.(Relatively inelastic demand)- ഇലാസ്തികതയുടെ മൂല്യം ഒന്നിനേക്കാൾ കുറവ് ആയിരിക്കും.

വില ഇലാസ്തികത കണക്കാക്കാനുള്ള രീതികൾ

a.**ശതമാന രീതി**

$$ed = \frac{\text{ചോദനത്തിലുള്ള വ്യത്യാസത്തിന്റെ ശതമാനം}}{\text{വിലയിലുള്ള വ്യത്യാസത്തിന്റെ ശതമാനം}}$$

$$ed = \frac{\Delta Q}{\Delta p} \times_{-} \frac{P}{Q}$$

ΔQ = അളവിലെ മാറ്റം, ΔP = വിലയിലെ മാറ്റം , P =ആദ്യവില , Q =ആദ്യ അളവ്
eg: ഒരു സാധനത്തിന്റെ വില 4 രൂപ ആയിരുന്നപ്പോൾ ചോദനം 25 യൂനിറ്റ് . വില 5 രൂപയായി വർധിച്ചപ്പോൾ ചോദനം 20 യൂനിറ്റായി കുറഞ്ഞു. വില ഇലാസ്തികത കാണുക.

$$ed = \frac{\Delta Q}{\Delta p} \times_{-} \frac{P}{Q}$$

ΔQ = 5, ΔP = 1 , P = 4 , Q = 25

$$= \frac{5}{1} \times \frac{4}{25} = 0.8$$

b.ചെലവ് രീതി: വിലയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് മൊത്തം ചെലവിലുണ്ടാകുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഇലാസ്തികത അളക്കുന്നു.

aglasem.com

c.ജ്യാമിതീയ രീതി : ഈ രീതി പ്രകാരം ചോദനവക്രത്തിന്റെ ഒരു ബിന്ദുവിലെ ഇലാസ്തികത, വക്രത്തിന്റെ കീഴ്ഖണ്ഡവും മേൽഖണ്ഡവും തമ്മിലുള്ള അനുപാതമാണ്.

- ചോദനവക്രത്തിന്റെ മധ്യബിന്ദുവിൽ ഇലാസ്തികത ഒന്ന് ആയിരിക്കും.
- ചോദനവക്രം X അക്ഷത്തെ തൊടുന്ന ബിന്ദുവിൽ ഇലാസ്തികത പൂജ്യം ആയിരിക്കും.
- ചോദനവക്രം Y അക്ഷത്തെ തൊടുന്ന ബിന്ദുവിൽ ഇലാസ്തികത അനന്തമായിരിക്കും.




Fig. 2.19

ഒരു രേഖീയ ചോദനവക്രത്തിലെ വിവിധ ഇലാസ്തികത

.....

Chapter 3

ഉൽപ്പാദനവും ചെലവും

ഉൽപാദനം

നിവേശങ്ങളെ ഉൽപ്പന്നമാക്കി മാറ്റുന്ന പ്രക്രിയയാണ് ഉൽപാദനം

നിവേശങ്ങൾ : ഉൽപാദനപ്രക്രിയയിൽ ഉപയോഗിക്കുന്ന ഘടകങ്ങൾ

ഉൽപ്പാദന ധർമ്മം :ഉൽപാദന പ്രക്രിയയിൽ ഉൽപ്പന്നങ്ങളും നിവേശങ്ങളും തമ്മിലുള്ള ബന്ധം .

ഉൽപാദന ധർമ്മം രണ്ടു വിധത്തിലുണ്ട്

ഹ്രസ്വകാല ഉൽപ്പാദന ധർമ്മം: ഹ്രസ്വകാല ഉൽപ്പാദന ധർമ്മത്തിൽ ഉൽപന്നത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി ഏതെങ്കിലുമൊരു നിവേശത്തെ വിഭേദകമാക്കിയും ബാക്കി നിവേശങ്ങളെ സ്ഥിരമാക്കി നിർത്തുകയും ചെയ്യുന്നു.

ദീർഘകാല ഉൽപ്പാദന ധർമ്മം :ദീർഘകാല ഉൽപ്പാദന ധർമ്മത്തിൽ ഉൽപാദനത്തിന്റെ അളവ് വർധിപ്പിക്കുന്നതിനായി എല്ലാ നിവേശങ്ങളെയും വിഭേദകമാക്കുന്നു.

ഉല്പാദനത്തെ സംബന്ധിക്കുന്ന സങ്കല്പങ്ങൾ

മൊത്തം ഉൽപ്പന്നം TP : വിഭേദക നിവേശത്തിന്റെ ഒരു നിശ്ചിത യൂണിറ്റിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ ഉൽപ്പന്നത്തിന്റെ അളവ്. TP=P X Q

ശരാശരി ഉൽപ്പന്നം AP = $\frac{TP}{L}$ - വിഭേദക നിവേശത്തിന്റെ ഒരു യൂണിറ്റിനുള്ള ഉൽപ്പന്നമാണ് ശരാശരി ഉല്പന്നം. മൊത്തം ഉൽപ്പന്നത്തെ വിഭേദക ഘടകത്തിന്റെ എണ്ണം കൊണ്ട് ഹരിച്ചാണ് ശരാശരിഉൽപ്പന്നം കണക്കാക്കുന്നത് .

സീമാന്ത ഉൽപ്പന്നം MP = $\frac{\Delta TP}{\Delta L}$ മറ്റെല്ലാ നിവേശങ്ങളേയും സ്ഥിരമായി നില നിർത്തിക്കൊണ്ട് വിഭേദക നിവേശത്തിന്റെ ഒരു യൂണിറ്റ് കൂടി കൂടുതലായി ഉപയോഗപ്പെടുത്തുമ്പോൾ മൊത്ത ഉൽപ്പന്നത്തിലുണ്ടാകുന്ന മാറ്റത്തിന്റെ അളവിനെ സീമാന്ത ഉൽപ്പന്നം എന്നു പറയുന്നു

*AP ,MP കണ്ടുപിടിക്കുക

L	1	2	3	4
TP	10	22	39	44

L	TP	AP	MP
1	10	10	-
2	22	11	12
3	39	13	17
4	44	11	5

TP, MP എന്നിവ തമ്മിലുള്ള ബന്ധം

- MP വർധിക്കുന്നിടത്തോളം TP കൂടിയ നിരക്കിൽ വർദ്ധിക്കുന്നു
- MP കുറയാൻ തുടങ്ങുമ്പോൾ TP കുറഞ്ഞ നിരക്കിൽ വർദ്ധിക്കുന്നു
- MP പൂജ്യമാകുമ്പോൾ TP പരമാവധി ആകുന്നു
- MP നെഗറ്റീവാകുമ്പോൾ TP കുറഞ്ഞുവരുന്നു

docs.aglasem.com

aglasem.com

MP &AP എന്നിവ തമ്മിലുള്ള ബന്ധം

- AP വർദ്ധിച്ചുകൊണ്ടിരിക്കുന്നിടത്തോളം MP ,AP യെക്കാൾ കൂടുതലായിരിക്കും.
- AP പരമാവധി ആയിരിക്കുമ്പോൾ MP യും AP യും തുല്യമായിരിക്കും
- AP കുറയുന്നത് മുതൽ MP AP യെക്കാൾ കുറവായിരിക്കും
- AP ഒരിക്കലും പൂജ്യമോ നെഗറ്റീവ് ആയിരിക്കില്ല . എന്നാൽ MP പൂജ്യവും നെഗറ്റീവും ആകും.

അപചയ സീമാന്ത ഉൽപ്പന്ന നിയമം (വിഭേദകാനുപാത നിയമം) :വിഭേദകാനുപാത നിയമം ഒരു ഹ്രസ്വകാല ഉത്പാദന ധർമ്മമാണ്. ഹ്രസ്വകാലയളവിൽ ഏതെങ്കിലും ഒരു ഉൽപാദന ഘടകത്തിന് മാത്രം മാറ്റം വരുത്തുകയും മറ്റ ഘടകങ്ങൾ സ്ഥിരമായിരിക്കുകയും ചെയ്യുമ്പോൾ TP, AP ,MP എന്നിവയ്ക്ക് എന്ത് മാറ്റം വരുന്നു എന്ന് വിശദീകരിക്കുന്ന നിയമമാണ് വിഭേദകാനുപാത നിയമം.വിഭേദക നിവേശത്തിന്റെ കൂടുതൽ കൂടുതൽ യൂണിറ്റുകളെ സ്ഥിര നിവേശങ്ങളുമായി ചേർക്കുമ്പോൾ ആദ്യഘട്ടത്തിൽ സീമാന്ത ഉൽപ്പന്നം വർദ്ധിച്ചുവരുന്നു. എന്നാൽ ഉല്പാദനത്തിന്റെ നിശ്ചിത ഘട്ടം കഴിയുമ്പോൾ സീമാന്ത ഉൽപ്പന്നം കുറഞ്ഞുവരുന്നു.




Fig. 11.1

ഉൽപാദനത്തിന് മൂന്ന് ഘട്ടങ്ങളുണ്ട്

ഘട്ടം 1 വർദ്ധമാന പ്രത്യയം	ഘട്ടം 2 അപചയ പ്രത്യയം	ഘട്ടം 3 നെഗറ്റീവ് പ്രത്യയം
*TP വർദ്ധിതനിരക്കിൽവർദ്ധിക്കുന്നു *AP വർദ്ധിക്കുന്നു *MP വർദ്ധിക്കുന്നു *AP പരമാവധിയാകുമ്പോൾ MP=AP ആയിരിക്കും * MP>AP	*TP കുറഞ്ഞ നിരക്കിൽ വർദ്ധിക്കുന്നു *AP കുറയുന്നു *MP കുറയുന്നു *TP പരമാവധി എത്തുമ്പോൾ MP = 0 *MP < AP	*TP, AP, MP കുറയുന്നു *MP നെഗറ്റീവ് ആകുന്നു *AP പോസിറ്റീവായി തന്നെ നിൽക്കുന്നു

Returns to Scale (തോതനുസരിച്ചുള്ള ആദായം)

തോതനുസരിച്ചുള്ള ആദായമെന്നത് ഒരു **ദീർഘ കാല** ഉല്പാദന ധർമ്മമാണ് . ദീർഘ കാലയളവിൽ എല്ലാ ഉല്പാദന ഘടകങ്ങളും വിഭേദകങ്ങളാണ് (Variables). എല്ലാ ഉല്പാദന ഘടകങ്ങളും ഒരേ അനുപാതത്തിൽ വർധിപ്പിച്ചാൽ ,മൊത്തം ഉല്പന്നം (TP) താഴെ പറയുന്ന രീതിയിൽ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നു പോകും.

1- വർധിച്ച നിരക്കിലുള്ള ആദായം (IRS)
2- സ്ഥിര നിരക്കിലുള്ള ആദായം (CRS)
3- കുറഞ്ഞ നിരക്കിലുള്ള ആദായം (DRS)


ചെലവ് (cost): ഉൽപാദന പ്രക്രിയയിൽ ഏർപ്പെടുന്ന ഉല്പാദന ഘടകങ്ങൾക്ക് നൽകുന്ന പ്രതിഫലം . ചെലവിനെ രണ്ടായി തരംതിരിക്കാം .

1.ഹ്രസ്വകാല ചെലവുകൾ - രണ്ട് തരം
   a. സ്ഥിര ചെലവുകൾ (Fixed Cost) - ഉൽപാദനത്തിനനുസരിച്ച് മാറുന്നില്ല.
   b. വിഭേദക ചെലവുകൾ (Variable Cost) - ഉൽപാദനത്തിനനുസരിച്ച് മാറുന്നു.

ചെലവ് വക്രങ്ങൾ

TC = TFC + TVC
TFC = TC - TVC
TVC = TC - TFC

[TC - Total Cost
TFC - Total Fixed Cost
TVC - Total Variable Cost]



aglasem.com
aglasem.com

Average Fixed Cost (ശരാശരി സ്ഥിര ചെലവ്)

- ഉല്പന്നത്തിന്റെ ഓരോ യൂണിറ്റിന്റെയും സ്ഥിരം ചെലവാണ് ശരാശരി സ്ഥിരംചെലവ് .
- TFC യെ ഉല്പന്നത്തിന്റെ അളവ് (Q) കൊണ്ട് ഹരിച്ചാൽ AFC ലഭിക്കും.
- AFC വക്രത്തിന്റെ ആകൃതി **Rectangular Hyperbola** ആയിരിക്കും

$$AFC = \frac{TFC}{Q}$$

Average Variable Cost(AVC) (ശരാശരി വിഭേദക ചെലവ്)

- ഉല്പന്നത്തിന്റെ ഓരോ യൂണിറ്റിന്റെയും വിഭേദക ചെലവാണ് ശരാശരി വിഭേദക ചെലവ് .
- TVC യെ ഉല്പന്നത്തിന്റെ അളവ് കൊണ്ട് ഹരിച്ചാൽ AVC ലഭിക്കും

$$AVC = \frac{TVC}{Q}$$

Average Cost (ഹ്രസ്വകാല ശരാശരി ചെലവ്)

- ഹ്രസ്വ കാലയളവിൽ ഉല്പന്നത്തിന്റെ ഓരോ യൂണിറ്റിന്റെയും ചെലവാണ് ഹ്രസ്വകാല ശരാശരി ചെലവ് (SAC).
- മൊത്തം ചെലവിനെ(TC)ഉല്പന്നത്തിന്റെ അളവ് (Q)കൊണ്ട് ഹരിച്ചാൽ ശരാശരി ചെലവ് (SAC) ലഭിക്കും.

$$SAC=AC=\frac{TC}{Q} \quad OR \quad AVC+AFC$$

Marginal Cost(MC) (ഹ്രസ്വകാല സീമാന്ത ചെലവ്)

ഒരു സാധനത്തിന്റെ ഒരു അധിക യൂണിറ്റ് കൂടി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന അധിക ചെലവാണ് സീമാന്ത ചെലവ് അഥവാ ഹ്രസ്വകാല സീമാന്ത ചെലവ്. MC വക്രങ്ങൾക്ക് സാധാരണയായി "U" ആകൃതിയാണ്.

$MC=\frac{\Delta TC}{\Delta Q}$ or $MC=TC_n - Tc_{n-1}$ ΔTC = മൊത്തം ചെലവിലെ മാറ്റം, ΔQ = ഉല്പന്നത്തിന്റെ അളവിലെ മാറ്റം

AC യും MC തമ്മിലുള്ള ബന്ധം

- AC യും MC യും ആദ്യം കുറയുന്നു, പിന്നെ ഉയരുന്നു.
- AC കുറയുമ്പോൾ MC, AC യെക്കാൾ കുറവായിരിക്കും.
- AC ഉയരുമ്പോൾ MC, AC യെക്കാൾ കൂടുതലായിരിക്കും.
- AC മിനിമം ആയിരിക്കുമ്പോൾ MC യും AC യും തുല്യമായിരിക്കും.
- AC യുടെ മിനിമം ബിന്ദുവിൽ MC, AC യെ താഴെ നിന്ന്
- മുകളിലേക്ക് ഖണ്ഡിക്കുന്നു.

ഒരു കമ്പനിയുടെ ചെലവിനെയും ഉൽപാദനത്തെയും സംബന്ധിക്കുന്ന വിവരങ്ങൾ താഴെ തന്നിരിക്കുന്നു. TFC,TVC,AFC,AVC,AC, MC കണ്ടുപിടിക്കുക

Q	0	1	2	3	4	5
TC	60	80	90	95	105	125

Answer:

Q	TC	TFC	TVC	AFC	AVC	AC	MC
0	60	60	0	-	-	-	-
1	80	60	20	60	20	80	20
2	90	60	30	30	15	45	10
3	95	60	35	20	11.67	31.67	5
4	105	60	45	15	11.25	26 .25	10
5	125	60	65	12	13	25	20

docs.aglasem.com

Chapter 4

പരിപൂർണ്ണ മത്സര കമ്പോളം

പരിപൂർണ്ണ മത്സര കമ്പോളത്തിന്റെ സവിശേഷതകൾ

- ധാരാളം വാങ്ങുന്നവരും വിൽക്കുന്നവരും
- ഏകജാതിയ ഉൽപ്പന്നം
- ഏകരൂപമായ വില
- സംരംഭം വില സ്വീകർത്താവാണ്
- മാർക്കറ്റ് സാഹചര്യങ്ങളെക്കുറിച്ചുള്ള പൂർണ്ണ അറിവ്.
- കമ്പോളത്തിലേക്ക് പ്രവേശിക്കാനും പുറത്തുകടക്കാനുമുള്ള സ്വാതന്ത്ര്യം.
- ഗതാഗതചെലവിന്റെ അഭാവം.
- വിൽപ്പന ചെലവിന്റെ അഭാവം.

REVENUE (വരുമാനം)

വിപണിയിൽ ഉൽപ്പന്നങ്ങൾ വിറ്റ് ഒരു നിർമ്മാതാവ് നേടുന്ന വരുമാനത്തെ റവന്യൂ എന്ന് വിളിക്കുന്നു. മൂന്ന് തരത്തിലുള്ള വരുമാനമുണ്ട്.

മൊത്തം വരുമാനം (TR):

വിപണിയിൽ ഉൽപ്പന്നത്തിന്റെ എല്ലാ യൂണിറ്റുകളും വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തെ മൊത്തം വരുമാനം എന്ന് വിളിക്കുന്നു.

$$TR = P \times Q$$

Average Revenue (AR)ശരാശരി വരുമാനം

ഒരു യൂണിറ്റ് ഉൽപ്പന്നം വിറ്റാൽ ലഭിക്കുന്ന വരുമാനത്തെ AR എന്ന് വിളിക്കുന്നു. വിറ്റ ഉൽപ്പന്നത്തിന്റെ അളവ് കൊണ്ട് TR നെ വിഭജിച്ചാണ് ഇത് കണക്കാക്കുന്നത്. AR കർവ് ഒരു തിരശ്ചീന നേർരേഖയാണ്.

$$AR = \frac{TR}{Q}$$

3.സീമാന്ത വരുമാനം (MR):

മാർക്കറ്റിൽ ഒരു അധിക യൂണിറ്റ് ഉൽപ്പന്നം വിൽക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനമാണ് **.സീമാന്ത വരുമാനം.**

$MR = TR_n - TR_{n-1}$ or $\frac{\Delta TR}{\Delta Q}$ ΔTR = TR ലെ മാറ്റം , ΔQ = അളവിലെ മാറ്റം

പരിപൂർണ്ണ മത്സര കമ്പോളത്തിൽ AR = MR = P




Fig. 4.1

TR,AR,MR എന്നിവ കണ്ടുപിടിക്കുക

Q	1	2	3	4
P	1O	10	10	10

Answer:

Q	P	TR	AR	MR
1	10	10	10	10
2	10	20	10	10
3	10	30	10	10
4	10	40	10	10
5	10	50	10	10

docs.aglasem.com

aglasem.com


പരിപൂർണ്ണ മത്സരകമ്പോളത്തിന്റെ ഹ്രസ്വകാല സന്തുലിതാവസ്ഥ

സന്തുലിതാവസ്ഥയിൽ എത്താനുള്ള 3 നിബന്ധനകൾ

1.P=MC=MR

2..സന്തുലിത ഉൽപാദന ഘട്ടത്തിൽ MC കുറയാൻ പാടില്ല

3.P≥ AVC (വില ശരാശരി വിഭേദക ചെലവിന് തുല്യമോ, കൂടുതലോ ആയിരിക്കണം)



ദീർഘകാല സന്തുലിതാവസ്ഥ

ദീർഘകാല സന്തുലിതാവസ്ഥയുടെ നിബന്ധനകൾ താഴെ കൊടുക്കു

1.P=MC=MR
2.സന്തുലിത ഉൽപ്പന്ന ഘട്ടത്തിൽ MC കുറയാൻ പാടില്ല
3.P≥AC





Fig. 23.6. *Long-Run-Equilibrium of the Firm*

ഹ്രസ്വകാല പ്രദാന വക്രം

AVC യുടെ മിനിമം പോയിൻറിൽ നിന്ന് മുകളിലേക്ക് പോകുന്ന SMC വക്രത്തിന്റെ ഭാഗമാണ് ഒരു സംരംഭത്തിന്റെ ഹ്രസ്വകാല പ്രദാന വക്രം



ദീർഘകാല പ്രദാന വക്രം

AC യുടെ മിനിമം പോയിന്റിൽ നിന്ന് മുകളിലേക്ക് പോകുന്ന സീമാന്ത വക്രത്തിന്റെ ഭാഗമാണ് ഒരു സംരംഭത്തിന്റെ ദീർഘകാല പ്രദാന വക്രം




Fig. 3.

പ്രദാന വക്രത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1. വില - വിലയും പ്രദാനവും തമ്മിൽ പോസിറ്റീവ് ബന്ധമാണ്

2.സാങ്കേതിക പുരോഗതി - സാങ്കേതിക പുരോഗതിയും പ്രദാനവും തമ്മിൽ പോസിറ്റീവ് ബന്ധമാണ്.

3.നിവേശങ്ങളുടെ വില - നിവേശങ്ങളുടെ വിലയും പ്രദാനവും തമ്മിൽ വിപരീത ബന്ധമാണ്

4.യൂണിറ്റ് നികുതി - യൂണിറ്റ് നികുതിയും പ്രദാനവും തമ്മിൽ വിപരീത ബന്ധമാണ്

സാധാരണ ലാഭവും അമിത ലാഭവും :-

ഒരു സംരംഭത്തിന് ബിസ്സിനസ്സിൽ തുടരുന്നതിനായി ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ ലാഭമാണ് സാധാരണ ലാഭം.(P=AC) . എന്നാൽ അമിത ലാഭമെന്നത് സാധാരണ ലാഭത്തിനും മുകളിൽ സംരംഭത്തിന് ലഭിക്കുന്ന ലാഭമാണ്. (P>AC)

അടച്ചു പൂട്ടൽ വ്യവസ്ഥ Shut down point of the firm:-

ഒരു സംരംഭം അതിന്റെ ഉൽപ്പാദനം നിർത്തിവെക്കേണ്ട അവസ്ഥയാണ് അടച്ചു പൂട്ടൽവ്യവസ്ഥ. വില AVC യുടെ മിനിമം പോയിന്റിന് താഴെയാകുമ്പോൾ സംരംഭത്തിന് അടച്ചു പൂട്ടൽ വ്യവസ്ഥ ഉണ്ടാകുന്നു. എന്നാൽ ദീർഘകാലയളവിൽ ഈ അവസ്ഥ ഉൽപ്പന്നവില LRAC ക്കു താഴെയാകുമ്പോഴാണ് സംഭവിക്കുന്നത്.

Digitized by Arya Samaj Foundation Chennai and eGangotri

aglasem.com

ബ്രെക് ഈവൻ പോയിന്റ് (Break-even point)

സംരംഭത്തിന്റെ ലാഭ-നഷ്ട രഹിത ബിന്ദുവാണ് ബ്രെക് ഈവൻ പോയിന്റ് . ഈ ഘട്ടത്തിൽ സംരംഭത്തിന്റെ TR = TC ആയിരിക്കും. സംരംഭത്തിന് അപ്പോൾ സാധാരണ ലാഭമേ ലഭിക്കുകയുള്ളൂ.

പ്രദാനം (Supply)

ഒരു ഉൽപ്പാദക യൂണിറ്റ് നിശ്ചിത വിലക്ക് കമ്പോളത്തിൽ വിൽക്കാൻ തയ്യാറായ ഉൽപ്പന്നത്തിന്റെ അളവാണ് പ്രദാനം

പ്രദാന നിയമം

വിലയും വിൽക്കുന്ന സാധനത്തിന്റെ അളവും തമ്മിലുള്ള പോസിറ്റീവ് ബന്ധമാണ് പ്രദാന നിയമം.

വ്യക്തിഗത പ്രദാന പട്ടിക

ഒരു ഉൽപ്പാദകൻ നിലവിലുള്ള വിലക്ക് കമ്പോളത്തിൽ വിൽക്കാൻ തയ്യാറായ ഉൽപ്പന്നത്തിന്റെ വിവിധ അളവുകളെ കാണിക്കുന്ന പട്ടിക

കമ്പോള പ്രദാന പട്ടിക & കമ്പോള പ്രദാന വക്രം

വ്യക്തിഗതപ്രദാന പട്ടികകളെ തിരശ്ചീനമായി കൂട്ടിച്ചേർത്താൽ കമ്പോള പ്രദാന പട്ടിക ലഭിക്കും .

പ്രദാനത്തിലെ മാറ്റങ്ങൾ

A.പ്രദാന വക്രത്തിലൂടെയുള്ള മാറ്റങ്ങൾ

1) പ്രദാനത്തിന്റെ വികാസം : വസ്തുവിന്റെ വില വർധിക്കുമ്പോൾ പ്രദാനം കൂടുന്നു

2) പ്രദാനത്തിന്റെ സങ്കോചം : വസ്തുവിന്റെ വില കുറയുമ്പോൾ പ്രദാനം കുറയുന്നു

B.പ്രദാന വക്രത്തിന്റെ മാറ്റങ്ങൾ

1) പ്രദാന വർദ്ധനവ് : പ്രദാന വക്രത്തിന്റെ വലത്തോട്ടേക്കുള്ള മാറ്റം

2) പ്രദാന കുറവ് : പ്രദാന വക്രത്തിന്റെ ഇടത്തോട്ടേക്കുള്ള മാറ്റം

പ്രദാനത്തിന്റെ വില ഇലാസ്തികത :-

ഒരു വസ്തുവിന്റെ വിലയിലുണ്ടാകുന്ന മാറ്റത്തിന്റെ ഫലമായി ആ വസ്തുവിന്റെ പ്രദാനത്തിന്റെ അളവിലുള്ള മാറ്റത്തിന്റെ തോതാണ് പ്രദാനത്തിന്റെ വില ഇലാസ്തികത .വസ്തുവിന്റെ പ്രദാനത്തിലുണ്ടാകുന്ന ശതമാന മാറ്റത്തെ വിലയിലെ ശതമാന മാറ്റം കൊണ്ട് ഹരിച്ചാൽ പ്രദാനത്തിന്റെ ഇലാസ്തികത ലഭിക്കും.

പ്രദാന ത്തിന്റെ ഇലാസ്തികതയുടെ തരം തിരിവുകൾ

1 . ഇലാസ്തിക പ്രദാനം (Es>1)
2 . ഇലാസ്തികമല്ലാത്ത പ്രദാനം (Es<1)
3 . ഏകാത്മക ഇലാസ്തിക പ്രദാനം (Es=1)
4 . പൂർണ്ണ ഇലാസ്തികമല്ലാത്ത പ്രദാനം (Es=0)
5 . പൂർണ്ണ ഇലാസ്തിക പ്രദാനം (Es=∞)

പ്രദാന ത്തിന്റെ വില ഇലാസ്തികത അളക്കുവാനുള്ള മാർഗങ്ങൾ

1 . ആനുപാതിക രീതി

പ്രദാനത്തിന്റെ വില ഇലാസ്തികത,Es = $\frac{\text{പ്രദാനത്തിലുള്ള വ്യത്യാസത്തിന്റെ ശതമാനം}}{\text{വിലയിലുള്ള വ്യത്യാസത്തിന്റെ ശതമാനം}}$

$$Es = \frac{\Delta Q}{\Delta p} \times \frac{p}{Q}$$

2 . ജ്യാമിതീയ രീതി a) **ഇലാസ്തിക പ്രദാനം (Es>1)** **b)ഏകാത്മക ഇലാസ്തിക പ്രദാനം (Es=1)** **c)ഇലാസ്തികമല്ലാത്ത പ്രദാനം (Es<1)**




Fig. 4.14

നേർരേഖ പ്രദാന വക്രങ്ങളിലെ വില ഇലാസ്തികത S എന്ന ബിന്ദുവിലെ വില ഇലാസ്തികത പാനൽ a യിൽ ഒന്നിൽ കൂടുതലും പാനൽ b,c എന്നിവയിൽ യഥാക്രമം ഒന്നും, ഒന്നിൽ കുറവുമായിരിക്കും.

docs.aglasem.com

aglasem.com


അധ്യായം 5 വിപണി സന്തുലിതാവസ്ഥ

*സന്തുലിതാവസ്ഥ എന്ന് പറഞ്ഞാൽ സമം അഥവാ തുല്യം എന്നാണ് അർത്ഥം

*കമ്പോളത്തെ നിയന്ത്രിക്കുന്ന രണ്ട് ശക്തികളാണ് ചോദനവും പ്രദാനവും. ചോദന പ്രദാന ശക്തികൾ തുല്യം ആകുമ്പോഴാണ് കമ്പോള സന്തുലിതാവസ്ഥ ഉണ്ടാകുന്നത് .$q^D = q^S$

അധികചോദനം (Excess Demand): ഒരു വിലയിൽ കമ്പോള ചോദനം കമ്പോള പ്രദാനത്തേക്കാൾ കൂടുകയാണെങ്കിൽ ആ വിലയിൽ കമ്പോളത്തിൽ അധികചോദനം നിലനിൽക്കുന്നു.

അധിക പ്രദാനം (Excess supply): ഏതെങ്കിലും ഒരു വിലയ്ക്ക് കമ്പോള പ്രധാനം കമ്പോള ചോദനത്തേക്കാൾ കൂടുകയാണെങ്കിൽ ആ വിലയിൽ കമ്പോളത്തിൽ അധിക പ്രദാനം നിലനിൽക്കുന്നു.



* X എന്ന ഉൽപ്പന്നത്തിന് ചോദന പ്രദാന സമവാക്യങ്ങൾ തന്നിരിക്കുന്ന സന്തുലിത വിലയും ഉൽപ്പന്ന അളവും കണ്ടെത്തുക

QD= 100 - p

QS = 70 + 2P

Answer: Qd = Qs

100 - P = 70+2P ഇതിനെ,

100 - 70 = 2P+P എന്ന് എഴുതാം

30 = 3P

P = 30/3

= 10

സന്തുലിത വില =10

സന്തുലിത അളവ് = 100-10


=90


പ്രായോഗികത

വില പരിധി	തറവില
• ഗവൺമെൻറ് നിശ്ചയിക്കുന്ന പരമാവധി വില • ഇത് എല്ലായ്പ്പോഴും സന്തുലിത വിലയേക്കാൾ കുറവായിരിക്കും • അധിക ചോദനം സൃഷ്ടിക്കുന്നു • ന്യായവില ഷോപ്പുകൾ തുറക്കുന്നു • ആവശ്യ സാധനത്തിനുമേൽ വിലപരിധി ഏർപ്പെടുത്തുന്നു	• ഗവൺമെൻറ് നിശ്ചയിക്കുന്ന കുറഞ്ഞ വില • ഇത് സന്തുലിത വിലയേക്കാൾ കൂടുതലായിരിക്കും • അധിക പ്രദാനം സൃഷ്ടിക്കുന്നു • മിച്ചം വരുന്ന സാധനങ്ങൾ സർക്കാർ വാങ്ങുന്നു • കാർഷിക ഉൽപ്പന്നങ്ങളിലും തൊഴിലാളികളുടെ മിനിമം കൂലിയിലും തറവില ഏർപ്പെടുത്തുന്നു

docs.aglasem.com

aglasem.com





വില പരിധിയുടെ പ്രതികൂല ഫലങ്ങൾ

- റേഷൻ കടകളിൽ നീണ്ട ക്യൂവിന് കാരണമാകുന്നു
- കരിഞ്ചന്തയ്ക്ക് കാരണമാകുന്നു

ചോദനത്തിലും പ്രദാനത്തിലുമുണ്ടാകുന്ന മാറ്റം (Shifts in Demand and Supply)

A) ചോദനത്തിൽ ഉണ്ടാകുന്ന മാറ്റം (Shift in demand)

i)ചോദന വക്രം മാത്രം വലത്തോട്ട് മാറുമ്പോൾ Rightward shift

സന്തുലിത വിലയും അളവും കൂടുന്നു.

ii)ചോദന വക്രം മാത്രം ഇടത്തോട്ടു മാറുമ്പോൾ (Leftward shift)

സന്തുലിത വിലയും അളവും കുറയുന്നു.

B) **പ്രദാനത്തിൽ ഉണ്ടാകുന്ന മാറ്റം (Shift in Supply)**

i)പ്രദാന വക്രം മാത്രം വലത്തോട്ടുമാറുമ്പോൾ (Rightward shift of the supply curve)

സന്തുലിത വില കുറയുന്നു സംതുലിത അളവ് കൂടുന്നു.

ii)പ്രദാന വക്രം മാത്രം ഇടത്തോട്ടു മാറുമ്പോൾ (Leftward shift of the supply curve)

സന്തുലിത വില കൂടുന്നു സന്തുലിത അളവ് കുറയുന്നു.

ചോദന പ്രദാനത്തിലെ സമാന്തരമാറ്റം (Simultaneous Shifts of Demand and Supply)

ചോദന പ്രദാന വക്രങ്ങൾ ഒന്നിച്ച് മാറുമ്പോൾ നാല് തരം മാറ്റങ്ങളാണ് സാധ്യമായിട്ടുള്ളത്.

i) ചോദന വക്രവും പ്രദാന വക്രവും ഇടത്തോട്ട് മാറുന്നു.

ii)ചോദന വക്രവും പ്രദാന വക്രവും വലത്തോട്ട് മാറുന്നു.

iii)ചോദന വക്രം ഇടത്തേക്കും പ്രദാന വക്രം വലത്തേക്കും മാറുന്നു.

vi) ചോദന വക്രം വലത്തേക്കും പ്രദാന വക്രം ഇടത്തേക്കും മാറുന്നു.

ചോദന പ്രദാനത്തിലെ സമാന്തരമാറ്റം (Simultaneous Shifts of Demand and Supply)

ചോദനം	പ്രദാനം	അളവ്	വില
ഇടത്തോട്ട്	ഇടത്തോട്ട്	കുറയുന്നു	വർദ്ധിക്കാം ,കുറയാം സ്ഥിരമാകാം
വലത്തോട്ട്	വലത്തോട്ട്	കൂടുന്നു	വർദ്ധിക്കാം ,കുറയാം സ്ഥിരമാകാം
ഇടത്തോട്ട്	വലത്തോട്ട്	വർദ്ധിക്കാം ,കുറയാം സ്ഥിരമാകാം	കുറയുന്നു
വലത്തോട്ട്	ഇടത്തോട്ട്	വർദ്ധിക്കാം ,കുറയാം സ്ഥിരമാകാം	കൂടുന്നു

aglasem.com
aglasem.com

സ്ഥൂല സാമ്പത്തിക ശാസ്ത്രം

അധ്യായം 1. സ്ഥൂല സാമ്പത്തിക ശാസത്രത്തിനൊരാമുഖം

സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ഉത്ഭവം

- 1929 വരെ ക്ലാസ്സിക്കൽ ആശയങ്ങളായ പൂർണ തൊഴിൽ, ലെസെഫെയർ തുടങ്ങിയവയ്ക്കായിരുന്നു പ്രാധാന്യം
- 1929 ലെ മഹാ മാന്ദ്യം ക്ലാസ്സിക്കൽ ആശയങ്ങൾ തെറ്റാണെന്ന് തെളിയിച്ചു
- 1936 ൽ ജെ എം കെയ്ൻസ് പുറത്തിറക്കിയ 'ജനറൽ തിയറി ' എന്ന കൃതി സ്ഥൂല സാമ്പത്തിക ആശയങ്ങൾക്ക് തുടക്കം കുറിച്ചു

മഹാമാന്ദ്യം - പ്രത്യേകതകൾ

- 1929 മുതൽ 1933 വരെ
- അമേരിക്കയിൽ ആരംഭിച്ചു
- ഉല്പാദനം കുറഞ്ഞു
- തൊഴിലില്ലായ്മ വർദ്ധിച്ചു
- ഫാക്ടറികൾ അടച്ചു
- ഓഹരി വിപണി തകർച്ച

സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകൾ

1.കുടുംബങ്ങൾ (ഗാർഹിക മേഖല)
2.സ്ഥാപനങ്ങൾ
3.ഗവൺമെന്റ്
4.ബാഹ്യ മേഖല (വിദേശ മേഖല)

അടഞ്ഞ സമ്പദ് വ്യവസ്ഥ

മറ്റ് രാജ്യങ്ങളുമായി സാമ്പത്തിക ബന്ധമില്ലാത്ത സമ്പദ്വ്യവസ്ഥ

തുറന്ന സമ്പദ് വ്യവസ്ഥ

മറ്റ് രാജ്യങ്ങളുമായി സാമ്പത്തിക ബന്ധമുള്ള സമ്പദ്വ്യവസ്ഥ

.....

..

CHAPTER -2

ദേശീയ വരുമാനം കണക്കാക്കൽ (National Income Accounting)

ദേശീയ വരുമാനം

ഒരു രാജ്യത്ത്, നിശ്ചിത സമയത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട അന്തിമ സാധന സേവനങ്ങളുടെ പണമൂല്യമാണ് ദേശീയ വരുമാനം.

അന്തരാള ഉൽപ്പന്നങ്ങൾ:

മറ്റൊരു സാധനത്തിന്റെ ഉൽപ്പാദനത്തിന് വേണ്ടി ഉപയോഗിക്കുന്ന വസ്തുക്കളാണിവ.

ഉദാഹരണമായി, വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന നൂൽ, വീട് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന സിമൻറ്, കല്ല്, മണൽ.

അന്തിമ ഉൽപ്പന്നങ്ങൾ:

അന്തിമ ഉപഭോഗത്തിന് വേണ്ടി ഉപയോഗിക്കുന്ന വസ്തുക്കൾ.

ഉദാ: വസ്ത്രങ്ങൾ, സൈക്കിൾ, ബാഗ്.

മൂലധന വസ്തുക്കൾ:

ഒരിക്കൽ ഉൽപാദിപ്പിക്കപ്പെട്ടതും വീണ്ടും ഉൽപാദനത്തിനായി ഉപയോഗിക്കാവുന്നതുമായ വസ്തുക്കൾ.
ഉദാഹരണം - യന്ത്രോപകരണങ്ങൾ, റോഡുകൾ, ഫാക്ടറികൾ, ട്രക്കുകൾ.

ഉപഭോഗവസ്തുക്കൾ: ഉപഭോക്താവ് നേരിട്ട് ഉപഭോഗത്തിന് വിനിയോഗിക്കുന്നവ. ഇവ ഈടുള്ളതും(കാർ, കമ്പ്യൂട്ടർ, ടിവി) ഈടില്ലാത്തതും (പാൽ, പച്ചക്കറി) ആകാം.

doc.aglasem.com

ശേഖരം (Stock):

ഒരു നിശ്ചിത സമയ ബിന്ദുവിൽ അളന്നുതിട്ടപ്പെടുത്താൻ കഴിയുന്ന ചരം.

ഉദാ: പണത്തിൻറെ പ്രദാനം, ബാങ്ക് നിക്ഷേപം, ധാന്യശേഖരം, സമ്പത്ത്, ഒരു തടാകത്തിലെ ജലം.

പ്രവാഹം (Flow): ഒരു നിശ്ചിത കാലയളവിൽ അളന്നുതിട്ടപ്പെടുത്താൻ കഴിയുന്ന ചരങ്ങൾ.


ഉദാ: കയറ്റുമതി, ഇറക്കുമതി, വായ്പകൾ, ഉപഭോഗം, ചെലവ്, മൂലധന സ്വരൂപിക്കണം, ഒരു നദിയിലെ ജലം.

വരുമാനത്തിലെ ചാക്രിക പ്രവാഹം (Circular flow of income)

സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകൾ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെയും പരസ്പരാശ്രയത്വത്തിന്റെയും ചിത്രരൂപം

A& C - പണ പ്രവാഹം

B & D - യഥാർത്ഥ പ്രവാഹം



ദേശീയ വരുമാനം അളക്കുന്ന രീതികൾ (Measurement of NI)

1. ഉൽപ്പന്ന രീതി - കൂട്ടിച്ചേർത്ത മൂല്യ രീതി :

(Product Method - value Added Method)

ഉൽപ്പന്ന രീതിയെ കൂട്ടിച്ചേർത്ത മൂല്യരീതി എന്നാണ് വിളിക്കുന്നത്. ഈ രീതിയിൽ ദേശീയവരുമാനം കണക്കാക്കാൻ എല്ലാ ഉൽപ്പാദന യൂണിറ്റുകളുടെയും, കൂട്ടിച്ചേർത്ത മൂല്യം അഥവാ അന്തിമ സാധനങ്ങളുടെ മൂല്യമാണ് കണക്കാക്കുന്നത്

$$GDP \equiv GVA_1 + GVA_2 + GVA_3 + \ldots\ldots\ldots\ldots + GVA_N$$

$$\text{GDP} \equiv \sum_{i=1}^{N} GVA_i$$

2.ചെലവ് രീതി(Expenditure Method):

ഈ രീതി അനുസരിച്ച്, ദേശീയ വരുമാനം, ആഭ്യന്തര പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഉൽപാദിപ്പിച്ച അന്തിമ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഗവൺമെൻറ്, ബാഹ്യ മേഖല എന്നിവയുടെ അന്തിമ ചെലവുകളാണ്.

$$GDP \equiv C + I + G + X - M$$

അന്തിമ ചെലവിനങ്ങൾ


- അന്തിമ ഉപഭോഗ ചെലവ് (Consumption Expenditure - C)
- അന്തിമ നിക്ഷേപ ചെലവ് (Investment Expenditure - In)
- ഗവൺമെൻറ് ചെലവ്(Government Expenditure - G)
- അറ്റ കയറുമതി ചെലവ് (Net Exports X– M)

3.വരുമാന രീതി (Income Method)

ഈ രീതി അനുസരിച്ച് ദേശീയ വരുമാനം എന്നത് ഒരു രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്തുള്ള ഉല്പാദന ഘടകങ്ങ ളായ പ്രയത്നം, ഭൂമി, മൂലധനം, സംഘാടനം എന്നിവയുടെ പ്രതിഫലമായ വേതനം, പാട്ടം, പലിശ, ലാഭം എന്നീ വരുമാനങ്ങൾ കൂട്ടിയതാണ്.

docs.aglasem.com

GDP≡W+R+In+P



ചില സ്ഥൂലസാമ്പത്തിക സമവാക്യങ്ങൾ (Macroeconomic Identities)

Gross Domestic Product (GDP):

ഒരു രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്ത് ഒരു സാമ്പത്തിക വർഷത്തിൽ ഉല്പാദിപ്പിക്കുന്ന അന്തിമ സാധനസേവനങ്ങളുടെ പണമൂല്യത്തെ GDP എന്ന് പറയുന്നു.

GDP Market Price (GDP_{MP}):

കമ്പോളത്തിലെ വർത്തമാനകാല വിലയുടെ അടിസ്ഥാനത്തിൽ GDP കണക്കാക്കുന്നതിനെ GDP at Market Price എന്ന് പറയുന്നു.

GDP Factor Cost (GDP_{FC}):

GDP_{MP} യിൽ നിന്ന് NIT കുറച്ചാൽ GDP_{FC} ലഭിക്കുന്നു.

$GDP_{FC} \equiv GDP_{MP}$ -NIT

Net Domestic Product (NDP):

രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്ത് ഒരു സാമ്പത്തിക വർഷത്തിൽ ഉല്പാദിപ്പിച്ച അന്തിമ സാധനസേവനങ്ങളുടെ പണമൂല്യത്തിൽ നിന്ന് തേയ്മാന ചെലവ് കുറച്ചാൽ NDP ലഭിക്കും.

NDP ≡ GDP- Depreciation

NDP at factor cost (NDP_{FC}):

രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്തെ ഉല്പാദന ഘടകങ്ങൾക്ക് പാട്ടം,വേതനം,പലിശ,ലാഭം എന്നിങ്ങനെ ഘടകചെലവുകളായി ലഭിക്കുന്ന ആകെ വരുമാനമാണ് NDP_{FC}

$NDP_{FC} = NDP_{MP}$ - Net Product Taxes - Net Production Taxes

Gross National Product (GNP):

രാജ്യത്തിന്റെ GDP യോട് വിദേശത്ത് നിന്നുള്ള അറ്റഘടക വരുമാനം (NFIA) ചേർന്നാൽ GNP ലഭിക്കുന്നു.

GNP ≡ GDP+ NFIA

GNP at factor cost (GNP_{FC}):

ഒരു രാജ്യത്ത് ഒരു സാമ്പത്തിക വർഷത്തിൽ എല്ലാ ഉല്പാദന ഘടകങ്ങൾക്കുമായി ലഭിക്കുന്ന ഘടക വരുമാനത്തെ GNP_{FC} എന്ന് പറയുന്നു.ഇതിൽ NFIA ഉൾപ്പെടുന്നു.

GNP_{FC} =GNP_{MP} -Net Product Taxes - Net Production Taxes

Net National Product (NNP):

ഒരു രാജ്യത്ത് ഒരു സാമ്പത്തിക വർഷത്തിൽ ഉല്പാദിപ്പിച്ച അന്തിമ സാധന സേവനങ്ങളുടെ പണമൂല്യത്തിൽ നിന്ന് തേയ്മാന ചെലവ് കുറച്ചാൽ NNP ലഭിക്കും.

NNP ≡ GNP- Depreciation

NNP_{FC} (National Income): (ദേശീയ വരുമാനം):

ഒരു സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ ഉല്പാദന ഘടകങ്ങൾക്ക് പാട്ടം,വേതനം,പലിശ,ലാഭം എന്നിങ്ങനെ ഘടകചെലവുകളായി ലഭിക്കുന്ന ആകെ വരുമാനമാണ് NNP_{FC}

NNP_{FC} = NI = NNP_{MP} - Net Product Taxes - Net Production Taxes

aglasem.com
aglasem.com

GDP ചുരുക്കൽ:(GDP deflator)

നാമമാത്ര GDP (GDP)യെ യഥാർത്ഥ GDP(gdp) കൊണ്ട് ഹരിച്ചാണ് ഇത് കണക്കാക്കുന്നത്.

GDP DEFLATOR = $\frac{GDP}{gdp}$ OR $\frac{GDP}{gdp}$ X100

ഉൽപ്പാദന നികുതികൾ : ഉൽപ്പാദനത്തിൻമേൽ ഈടാക്കുന്ന നികുതി Eg : ഭൂനികുതി, രജിസ്ട്രേഷൻ ഫീസ് സ്റ്റാമ്പ് ഡ്യൂട്ടി

ഉൽപ്പന്ന നികുതി : ഉൽപ്പന്നത്തിന്റെ അളവിന് അനുസരിച്ച് ചുമത്തുന്ന നികുതി. Eg : എക്സൈസ് നികുതി

GDP യും ക്ഷേമവും(GDP & welfare):

ജനക്ഷേമത്തിന്റെ സൂചികയായി നമുക്ക് GDP യെ കണക്കാക്കാൻ പറ്റുമോ?

*GDP വളർച്ചയുണ്ടായാലും ജനക്ഷേമമുണ്ടാക്കാത്ത സാഹചര്യങ്ങൾ ഉണ്ടാകും. താഴെപ്പറയുന്ന സ്ഥിതികളിൽ ഈ വാദഗതി ന്യായീകരിക്കുന്നു.

- വരുമാന വിതരണത്തിലെ അസമത്വം.
- GDP യും ധനേതര ഇടപാടുകളും.
- GDP യും ഹാനികരമായ വസ്തുക്കളും.
- GDP യും ആകസ്മികങ്ങളും.

....

Chapter-3 - പണവും ബാങ്കിംഗ് സംവിധാനവും

ബാർട്ടർ സമ്പ്രദായം

സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന രീതി.

ബാർട്ടർ സമ്പ്രദായത്തിന്റെ പോരായ്മകൾ

- ആവശ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടാതിരിക്കൽ
- മൂല്യ ശേഖരണത്തിന്റെ പ്രശ്നങ്ങൾ
- ചില സാധനങ്ങളുടെ വിഭജന പ്രശ്നം
- ഭാവിയിലെ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

പണത്തിന്റെ ധർമങ്ങൾ

- പണം ഒരു വിനിമയ മാധ്യമം
- പണം ഒരു കണക്ക് കൂട്ടലിന്റെ അളവ്
- പണം ഒരു മൂല്യ ശേഖരം
- പണം ഭാവി ഇടപാടുകൾക്കുള്ള മാനദണ്ഡം
- പണം മൂല്യ കൈമാറ്റം സാധ്യമാക്കുന്നു
- Cashless Economy (പണരഹിത സമൂഹം)

  പണരഹിത സമൂഹം എന്നാൽ നാണയങ്ങളും കറൻസി നോട്ടുകളുമായും നേരിൽ ബന്ധിപ്പിക്കാതെ ഡിജിറ്റൽ വിവരങ്ങൾ (പണത്തിന്റെ ഡിജിറ്റൽ പ്രതിനിധീകരണം) ഉപയോഗിച്ച് ജനങ്ങൾക്കിടയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന അവസ്ഥയാണ് . ഇന്ത്യയിൽ സർക്കാർ സാമ്പത്തികമായ ഉൾച്ചേർക്കലിനെ (Financial Inclusion) പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധമേഖലകളിൽ സ്ഥിരമായി നിക്ഷേപം നടത്തുന്നു. പണരഹിത സമ്പദ് ഘടനയിലേക്ക്ചുവടു വെക്കുന്നതിനായി **ജൻധൻ അക്കൗണ്ടുകൾ, ആധാർ ഉപയോഗിച്ചുള്ള പണമിടപാടു സംവിധാനം, ഇ- വാലറ്റ് , നാഷണൽ ഫിനാൻസ് സ്വിച്ച്** (NFS) തുടങ്ങിയ സംവിധാനങ്ങൾ സർക്കാരിന് ശക്തി പകർന്നിട്ടുണ്ട് . മൊബൈൽഫോൺ, സ്മാർട്ട് ഫോൺ എന്നിവ രാജ്യവ്യാപകമായത് സാമ്പത്തിക ഉൾച്ചേരലിന് സഹായകമായിട്ടുണ്ട് .

പണത്തിനുള്ള ചോദനം

പണം കൈവശം വെക്കാനുള്ള ആളുകളുടെ ആഗ്രഹത്തെയാണ് പണത്തിനുള്ള ചോദനം എന്ന് പറയുന്നത് .

പണത്തിനുള്ള ചോദനം - കാരണങ്ങൾ

കൈമാറ്റ പ്രേരകം - സാധനങ്ങൾ വാങ്ങാൻ പണം കയ്യിൽ വെക്കുന്നു. പണത്തിന്റെ കൈമാറ്റ പ്രേരകചോദനത്തെ ഇപ്രകാരം എഴുതാം

$$M_T^d = k.T$$

docs.aglasem.com

ഊഹക്കച്ചവട പ്രേരകം - ആസ്തികളിൽ നിക്ഷേപിച്ച് ലാഭമുണ്ടാക്കാൻ പണം കയ്യിൽ വെക്കുന്നു.പണത്തിന്റെ ഊഹക്കച്ചവട ചോദനത്തെ ഇപ്രകാരം എഴുതാം

$$M_S^d = \frac{r_{max} - r}{r - r_{min}}$$

ദ്രവത്വ കെണി

- പലിശ നിരക്ക് ഏറ്റവും താഴ്ന്നിരിക്കുമ്പോൾ പണത്തിന്റെഊഹക്കച്ചവട ചോദനം അനന്തമാകുന്ന അവസ്ഥ.
- പണത്തിന്റെഊഹക്കച്ചവട ചോദനവക്രം X അക്ഷത്തിന് സമാന്തരമാകുന്നു.




Fig. 3.1
The Speculative Demand for Money

പണത്തിന്റെ പ്രദാനം

സമ്പദ്വ്യവസ്ഥയിൽ ലഭ്യമായ മൊത്തം പണം

പണ പ്രദാനത്തിന്റെ അളവുകൾ

- M1 =CU + DD
- M2 =M1 + പോസ്റ്റോഫീസ് സേവിങ്സ് ബാങ്ക് നിക്ഷേപം
- M3 =M1 + വാണിജ്യ ബാങ്കുകളുടെ അറ്റ സ്ഥിര നിക്ഷേപം
- M4 =M3 +National Savings Certificates ഒഴികെയുള്ള മൊത്തം പോസ്റ്റോഫീസ് നിക്ഷേപം

➔ ചുരുങ്ങിയ പണം - M1, M2

➔ വിശാല പണം - M3, M4

➔ മൊത്തം പണവിഭവം (AMR)= M3

കേന്ദ്ര ബാങ്കിന്റെ ധർമ്മങ്ങൾ

1. കറൻസി നോട്ടുകൾ അച്ചടിച്ചിറക്കുന്നു
2. ബാങ്കുകളുടെ ബാങ്ക്
3. ഗവണ്മെന്റിന്റെ ബാങ്കർ
4. പണ പ്രദാനത്തിന്റെ നിയന്ത്രകൻ
5. വിദേശ നാണ്യ സൂക്ഷിപ്പുകാരൻ
6. അവസാന ആശ്രയമെന്ന നിലയ്ക്കുള്ള വായ്പകൾ നല്കൽ.

ഇന്ത്യയുടെ കേന്ദ്ര ബാങ്ക് - RBI (റിസർവ് ബാങ്ക് ഓഫ് ഇന്ത്യ), 1935 ൽ നിലവിൽ വന്നു.

വാണിജ്യ ബാങ്ക് (Commercial banks)

പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും ആവശ്യക്കാർക്ക് വായ്പ നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളെ പൊതുവെ വാണിജ്യ ബാങ്കുകൾ എന്ന് അറിയപ്പെടുന്നു.

Spread: സാധാരണയായി ബാങ്കുകൾ നിക്ഷേപകർക്ക് നൽകുന്ന പലിശ നിരക്ക് താരതമ്യേന കുറവും, വായ്പകളിൽ നിന്ന് സ്വീകരിക്കുന്ന പലിശ നിരക്ക് കൂടുതലും ആയിരിക്കും. ഈ പലിശ നിരക്കുകൾ തമ്മിലുള്ള വ്യത്യാസമാണ് ബാങ്കുകളുടെ ലാഭം. ഈ ലാഭത്തെ (വ്യാപനം) Spread എന്ന് അറിയപ്പെടുന്നു.

കേന്ദ്ര ബാങ്കിന്റെ ധനനയത്തിന്റെ ഉപകരണങ്ങൾ

സമ്പദ് വ്യവസ്ഥയിൽ പണ പെരുപ്പമോ നാണ്യ ചുരുക്കമോ ഉണ്ടാകുമ്പോൾ വാണിജ്യ ബാങ്കുകളുടെ വായ്പയെയും പണപ്രദാനത്തെയും നിയന്ത്രിക്കാൻ കേന്ദ്രബാങ്ക് കൈക്കൊള്ളുന്ന നടപടികളാണിവ.

1.ബാങ്ക് നിരക്ക് നയം

doc.aglasem.com

നാണയ പെരുപ്പകാലത്ത് ബാങ്ക് നിരക്ക് ഉയർത്തുകയും നാണയച്ചുരുക്ക സമയത്ത് ബാങ്ക് നിരക്ക് കുറയ്ക്കുകയും ചെയ്യും.

2.പരസ്യ കമ്പോള പ്രവർത്തനങ്ങൾ

പണപ്പെരുപ്പ സമയത്ത് കേന്ദ്ര ബാങ്ക് കടപ്പത്രങ്ങൾ വിൽക്കുകയും പണച്ചുരുക്ക സമയത്ത് വാങ്ങുകയും ചെയ്യുന്നു

3. കരുതൽ നിക്ഷേപ അനുപാതത്തിലെ മാറ്റങ്ങൾ

പണപ്പെരുപ്പ് കാലത്ത് CRR , SLR എന്നിവ വർദ്ധിപ്പിക്കുകയും പണച്ചുരുക്കകാലത്ത് ഇവ കുറക്കുകയും ചെയ്യുന്നു

4. RBI യുടെ സ്റ്റെറിലൈസേഷൻ പ്രവർത്തനം

സമ്പദ് വ്യവസ്ഥയുടെ പുറത്തുനിന്നുള്ള ആഘാതങ്ങളെ നേരിടാൻ കേന്ദ്ര ബാങ്ക് ഇടപെടുന്ന നടപടിയാണിത്

.....

Chapter 4

വരുമാനത്തിന്റെയും തൊഴിലിന്റെയും നിർണയം

എക്സ് ആൻറി :ചരങ്ങളുടെ ആസൂത്രിതമൂല്യം

എക്സ് പോസ്റ്റ് : ചരങ്ങളുടെ യഥാർത്ഥമൂല്യം

ഉപഭോഗം Consumption

വിനിയോഗവരുമാനം രണ്ടു കാര്യത്തിനായി ഉപയോഗിക്കുന്നു ഉപഭോഗത്തിനും (Consumption) സമ്പാദ്യത്തിനും (Saving) (Y = C +S).

ശരാശരി ഉപഭോഗ പ്രവണത (APC) : മൊത്തം ഉപഭോഗവും മൊത്തംവരുമാനവും തമ്മിലുള്ള അനുപാതം

$$APC= \frac{C}{Y}$$

ശരാശരി സമ്പാദ്യ പ്രവണത (APS) : മൊത്തം സമ്പാദ്യവും മൊത്തംവരുമാനവും തമ്മിലുള്ള അനുപാതം

$$APS= \frac{S}{Y}$$

സീമാന്ത ഉപഭോഗ പ്രവണത (MPC) : വരുമാനത്തിൽ ഉണ്ടാകുന്ന പ്രതി യൂണിറ്റ് മാറ്റത്തിന് അനുസൃതമായി ഉപഭോഗത്തിൽ ഉണ്ടാകുന്ന മാറ്റം

$$MPC = \frac{\Delta C}{\Delta Y}$$

സീമാന്ത സമ്പാദ്യ പ്രവണത (MPS): വരുമാനത്തിൽ ഉണ്ടാകുന്ന പ്രതി യൂണിറ്റ് മാറ്റത്തിന് അനുസൃതമായി സമ്പാദ്യത്തിൽ ഉണ്ടാകുന്ന മാറ്റം

$$MPS = \frac{\Delta S}{\Delta Y}$$

APC + APS = 1
MPC +MPS= 1
MPC = 1- MPS
MPS= 1-MPC

e.g.1) വരുമാനം 100 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിച്ചപ്പോൾ ഉപഭോഗം 50 ൽ നിന്ന് 60 ആയി വർദ്ധിച്ചു. MPC **കാണുക**

aglasem.com

$$MPC = \frac{\Delta C}{\Delta Y} = \frac{10}{100} = 0.1$$

Eg. 2) c=0.8 , mps **കാണുക**

MPS = 1-0.8

= 0.2

ഉപഭോഗധർമ്മം : ഉപഭോഗവും വരുമാനവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു

$$C = f(Y)$$

$$C = \bar{C} + c.Y$$

ഈ സമവാക്യത്തെ ഉപഭോഗ ധർമ്മം(Consumption function) പറയുന്നു. ഇവിടെ C ഉപഭോഗ ചെലവിനെ സൂചിപ്പിക്കുന്നു. ഇതിനു രണ്ടു ഭാഗങ്ങൾ ഉണ്ട് സ്വാശ്രിത ഉപഭോഗവും ($\bar{C}$) വരുമാനപ്രേരിത ഉപഭോഗവും (cY) , c = MPC ,Y = വരുമാനം (Income)

സ്വാശ്രിത ഉപഭോഗം- $\bar{C}$ (Autonomous consumption): വരുമാനത്തെ ആശ്രയിക്കാതെ ഉപഭോഗമാണിത്. വരുമാനം പൂജ്യമായിരിക്കുമ്പോഴും ഉപഭോഗം ഉണ്ടാവുകയാണെങ്കിൽ അത് സ്വാശ്രിത ഉപഭോഗം ആണ് .

വരുമാനപ്രേരിത ഉപഭോഗം- cY - വരുമാനം മാറുമ്പോഴുണ്ടാകുന്ന ഉപഭോഗം. വരുമാനത്തിൽ മാറ്റമുണ്ടാവുമ്പോൾ ഉപഭോഗത്തിലുള്ള മാറ്റത്തിന്റെ നിരക്കാണ് MPC

നിക്ഷേപം(Investment)

ഉല്പാദകന്റെ ഭൗതിക മൂലധന ശേഖരത്തിലുള്ള കൂട്ടിച്ചേർക്കലോ (സമ്പദ്ഘടനയുടെ ഭാവി ഉല്പാദനശേഷിക്കു മുതല്കൂട്ടാവുന്ന യന്ത്രങ്ങൾ,കെട്ടിടങ്ങൾ, റോഡുകൾ തുടങ്ങിയഎന്തും) ഇൻവെന്ററിലെ മാറ്റവും നിക്ഷേപം ആയി നിർവചിക്കാം. എക്സ്ആന്റെ നിക്ഷേപത്തെ ഇങ്ങനെ രേഖപ്പെടുത്താം.

$$I = \bar{I}$$

ദ്വിമേഖല സമ്പദ് വ്യവസ്ഥയിലെ സന്തുലിത വരുമാന നിർണ്ണയം

മൊത്തം ചോദനം (AD)

ഒരു സമ്പദ് വ്യവസ്ഥയിലെ സാധന സേവനങ്ങളുടെ ആകെ ചോദനമാണ് മൊത്തം ചോദനം

ഇതിന് രണ്ട് ഘടകങ്ങളുണ്ട്

A) ഉപഭോഗ ചോദനവും - C B) നിക്ഷേപ ചോദനവും - I

$$AD = C + I$$

$$AD = \bar{C} + \bar{I} + c.Y$$

അന്തിമ ഉത്പന്നങ്ങളുടെ കമ്പോളം സന്തുലിതാവസ്ഥയിൽ എത്തുമ്പോൾ

$$Y = \bar{C} + \bar{I} + c.Y$$

ഇവിടെ Y അന്തിമ ഉത്പന്നങ്ങളുടെ ആസൂത്രിത ഉത്പാദനം ആണ്. $\bar{C}$, $\bar{I}$ എന്നീ ചരങ്ങളെ കൂട്ടിയാൽ സമവാക്യം കൂടുതൽ ലളിതമാവുന്നു.

$$Y = \bar{A} + cY$$

$\bar{A} = \bar{C} + \bar{I}$ = സമ്പദ് വ്യവസ്ഥയിലെ മൊത്തം സ്വാശ്രിത ഉപഭോഗം

മൊത്തം പ്രദാനം - AS

ഒരു സമ്പദ് വ്യവസ്ഥയിലെ സാധന സേവനങ്ങളുടെ ആകെ പ്രദാനമാണ് മൊത്തം പ്രദാനം. AS = Y

മൊത്തം പ്രദാനം = ഉപഭോഗം(C)+സമ്പാദ്യം (S)


Y=C+S

AS വക്രത്തെ 45^{0} രേഖയായി ചിത്രീകരിക്കുന്നു.

മൊത്തം ചോദനവും (AD) മൊത്തം പ്രദാനവും(AS) തുല്യമാകുന്ന ബിന്ദുവാണ് സന്തുലിത ബിന്ദു.

aglasem.com

AD = AS



E എന്ന ബിന്ദുവിലാണ് സന്തുലിത വരുമാനം നിർണ്ണയിക്കപ്പെടുന്നത്.

b)സമവാക്യം ഉപയോഗിച്ച് സന്തുലിത വരുമാനം കാണുന്ന രീതി(ബീജഗണിത രീതി)

$$Y = \frac{\bar{A}}{1-c}$$

Eg: 1)

Suppose $\bar{C}$ = 100, $\bar{I}$ = 40 MPC (c)= 0.3 , **സന്തുലിത വരുമാനം കാണുക**

$$= \quad Y = \frac{\bar{A}}{1-c} \qquad \frac{140}{1-0.3} \qquad (\bar{A} = \bar{C} + \bar{I} = 100+40 = 140)$$

$$= \qquad \frac{140}{0.7} = 200$$

Eg: 2)

C=10+ 0.8 Y

I= 30

സന്തുലിത വരുമാനം കാണുക

$$Y = \frac{\bar{A}}{1-c}$$

$$Y = \frac{10+30}{1-0.8} = 200$$

ഉൽപ്പന്ന ഗുണകം

നിക്ഷേപവും വരുമാനവും തമ്മിലുള്ള അനുപാതമാണ് ഉൽപ്പന്ന ഗുണകം

$$\text{ഉൽപ്പന്ന ഗുണകം} = \frac{\Delta Y}{\Delta \bar{A}} = \frac{1}{1-c}$$

-

നിക്ഷേപം :മൂലധനശേഖരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ

ഉൽപ്പന്ന ഗുണകം :വരുമാനത്തിലെ മാറ്റവും നിക്ഷേപത്തിലെ മാറ്റവും തമ്മിലുള്ള അനുപാതമാണ് ഉൽപ്പന്ന ഗുണകം

$$\frac{\Delta Y}{\Delta A} = \frac{1}{1-C}$$

മിതവ്യയത്തിന്റെ വിരോധാഭാസം

സമ്പദ്ഘടനയിലെ എല്ലാ ആളുകളും അവരവരുടെ വരുമാനത്തിന്റെ വലിയൊരുഭാഗം സമ്പാദ്യം ആക്കി മാറ്റുമ്പോൾ സമ്പദ്ഘടനയിലെ മൊത്തം മൂല്യം കുറയുകയോ മാറ്റമില്ലാതെ തുടരുകയോ ചെയ്യും ഇതിനെയാണ് മിതവ്യയത്തിന്റെ വിരോധാഭാസം എന്നു പറയുന്നത്

docs.aglasem.com

aglasem.com

CHAPTER 5

ഗവൺമെൻറ് ധർമ്മങ്ങളും വ്യാപ്തിയും

ഗവൺമെൻറ് ധർമ്മങ്ങൾ

A വിനിയോഗ ധർമ്മം(Allocation function)

പൊതു ജനങ്ങളുടെ ക്ഷേമത്തിന് പൊതു വസ്തുക്കൾ ഗവൺമെൻറ് സജ്ജീകരിച്ചു നൽകുന്നു

B പുനർ വിതരണ ധർമ്മം(Redistribution function)

നികുതിവരുമാനം പാവപ്പെട്ട ജനങ്ങൾക്ക് സബ്സിഡിയായി വിതരണം ചെയ്യുന്നു ഇതാണ് പുനൽ വിതരണ ധർമ്മം

C സ്ഥിരതാ ധർമ്മം (stabilisation function)

വരുമാനം തൊഴിൽ എന്നിവയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനുള്ള ഗവൺമെൻറിന്റെ നടപടികളാണിവ

സ്വകാര്യ വസ്തുക്കൾ(Private Goods): ഒരു പ്രത്യേക ഉപഭോക്താവിന് മാത്രമായി പ്രയോജനം ലഭിക്കുന്നതും ഒരു വ്യക്തിയുടെ ഉപയോഗവും മറ്റു വ്യക്തികളുടെ ഉപയോഗവും മത്സരാധിഷ്ഠിതമാണെങ്കിൽ അത്തരം വസ്തുക്കളാണ് സ്വകാര്യ വസ്തുക്കൾ

പൊതുവസ്തുക്കൾ (Public goods):കമ്പോളസംവിധാനത്തിന് നല്കാൻ കഴിയാത്ത പല വസ്തുക്കളും സേവനങ്ങളും ലഭ്യമാക്കുന്നത് ഗവൺമെൻറ് ആണ്. ഇവ പൊതു വസ്തുക്കൾ എന്നറിയപ്പെടുന്നു.

Eg: ദേശീയ സുരക്ഷ ,റോഡുകൾ, ഭരണ നിർവ്വഹണം, പാർക്കുകൾ.

പൊതു വസ്തുക്കൾ ഗവൺമെൻറ് നൽകുവാനുള്ള കാരണങ്ങൾ.

Non-excludable : പൊതുവസ്തുക്കളുടെ കാര്യത്തിൽ അവയുടെ പ്രയോജനം ലഭിക്കുന്നതിൽനിന്നും ഒരാളെയും ഒഴിവാക്കുന്നത് പ്രായോഗികമല്ല.

Non rivalry:ഒരാളുടെ ഉപഭോഗം മറ്റൊരാളുടെ ഉപഭോഗത്തിനു തടസമില്ലാത്തതാണ്, ഇവിടെ ഉപഭോക്താക്കൾ തമ്മിലുള്ള ബന്ധം മത്സരാധിഷ്ഠിതമല്ല.


Free-riders: പൊതുവസ്തുക്കൾക്ക് ഫീസ് ഈടാക്കുന്നത് പ്രയാസകരവും പലപ്പോഴും അസാധ്യവുമാണ് പണം നൽകാതെ വസ്തുവിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരെയാണ് **ഫ്രീ റൈഡേഴ്സ്** (Free-riders)എന്ന് പറയുന്നത്.

പൊതു ലഭ്യമാക്കൽ Public Provision: ഗവൺമെൻറ് ബജറ്റിലൂടെ പണം നൽകുന്നതിനാൽ, നേരിട്ട് പണം നൽകാതെ വസ്തുക്കൾ ഉപയോഗിക്കാൻ പറ്റുന്നവയെയാണ് പൊതു ലഭ്യമാക്കൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

പൊതു ഉല്പാദനം Public Production:ഗവൺമെൻറ് നേരിട്ട് വസ്തുക്കൾ നിർമ്മിക്കുന്നതിനെയാണ് പൊതു ഉല്പാദനം എന്ന് പറയുന്നത്

ബജറ്റ്

ഒരു സാമ്പത്തിക വർഷം സർക്കാറിന്റെ പ്രതീക്ഷിത വരുമാനവും പ്രതീക്ഷിത ചെലവുകളും ഉൾക്കൊള്ളുന്ന ധനകാര്യ പ്രസ്താവനയാണ് ബജറ്റ്



ഗവൺമെന്റ് ബജറ്റിന്റെ ഘടകങ്ങൾ

docs.aglasem.com

aglasem.com

റവന്യൂ വരവുകൾ Revenue Receipts: ഗവൺമെൻറിന് ബാധ്യത ഉണ്ടാകാത്തതോ ആസ്തികൾ സൃഷ്ടിക്കാത്തതോ ആയ വരവുകൾ ആണ് റവന്യൂ വരവുകൾ. വരുമാനനികുതി,കമ്പനി നികുതി,കസ്റ്റംസ് നികുതി, GST തുടങ്ങിയ നികുതി വരുമാനങ്ങളും ഫീസ്, ഫൈൻ പോലുള്ള നികുതിഇ തര വരുമാനങ്ങളും ഇതിൽപ്പെടുന്നു

മൂലധന വരവുകൾ : Capital Receipts:ഗവൺമെന്റിന് ബാധ്യത സൃഷ്ടിക്കുന്നതും , ധനകാര്യ ആസ്തിയിൽ കുറവ് വരുത്തുന്നതുമായ എല്ലാ വരവുകളെയും മൂലധന വരവുകൾ എന്നു വിളിക്കുന്നു
ഉദാ:വായ്പകൾ,ആസ്തികളുടെ വിൽപന അപനിക്ഷേപം(Disinvestment)

ചെലവുകളുടെ വർഗ്ഗീകരണം Classification of Expenditure

റവന്യൂ ചെലവ് Revenue Expenditure: ഭൗതിക ആസ്തികളോ ധനകാര്യ ആസ്തികളോ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ അല്ലാതെ കേന്ദ്രസർക്കാർ നിർവഹിക്കുന്ന എല്ലാ ചെലവുകളും റവന്യൂചെലവിന്റെ ഭാഗമാണ്.

ഉദാ: സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഉള്ള കേന്ദ്രസഹായം, പലിശ തിരിച്ചടവ്, പ്രതിരോധ സേവനങ്ങൾക്കുള്ള ചിലവുകൾ , സബ്സിഡികൾ, ശമ്പളം, പെൻഷൻ..

മൂലധനച്ചെലവ് Capital Expenditures: ഭൗതിക ആസ്തികളോ ധനകാര്യ ആസ്തികളോ സൃഷ്ടിക്കുന്നതോ സർക്കാരിന്റെ സാമ്പത്തിക ബാധ്യത കുറക്കുന്നതോ ആയ ചെലവുകളാണ് മൂലധനച്ചെലവിൽ ഉൾപ്പെടുന്നത് .

ഉദാ: ഓഹരികളിലെ നിക്ഷേപങ്ങൾ സംസ്ഥാനങ്ങളുടേയും കേന്ദ്രഭരണ പ്രദേശങ്ങളുടേയും പദ്ധതികൾക്കുള്ള കേന്ദ്രസഹായം കെട്ടിടങ്ങൾ ഉപകരണങ്ങൾ എന്നിവക്കുള്ള ചെലവുകൾ

സന്തുലിത, മിച്ച,കമ്മി ബജറ്റ് (Balanced, Surplus and Deficit Budget

സന്തുലിത ബജറ്റ്	വരവും ചെലവും തുല്യം	R = E
മിച്ചബജറ്റ്	വരവ് കൂടുതലും ചെലവ് കുറവും	R > E
കമ്മി ബജറ്റ്	ചെലവ് കൂടുതലും വരവ് കുറവും	R< E

ഒരു ത്രിതല സമ്പദ്വ്യവസ്ഥയിലെ മൊത്തം ചോദന സമവാക്യം

$$AD=C+I+G$$

C=ഉപഭോഗ ചോദനം
I=നിക്ഷേപ ചോദനം
G= ഗവൺമെൻറ് ചോദനം

ഒരു ത്രിതല സമ്പദ്വ്യവസ്ഥയിലെ സന്തുലിത വരുമാനം

$$Y=\frac{\bar{A}}{1-c}$$

ചെലവ് ഗുണകം	നികുതി ഗുണകം	മാറ്റ അടവ് ഗുണകം
$\frac{\Delta Y}{\Delta G} = \frac{1}{1-c}$	$\frac{\Delta Y}{\Delta T} = \frac{-c}{1-c}$	$\frac{\Delta Y}{\Delta TR} = \frac{c}{1-c}$

സന്തുലിത ബജറ്റ് ഗുണകം = 1

റവന്യൂ കമ്മി = റവന്യൂ ചെലവ് -റവന്യൂ വരുമാനം
മൊത്തം ധനകമ്മി = മൊത്തം ചെലവ് - (റവന്യൂ വരവ് + കടബാധ്യത സൃഷ്ടിക്കാത്ത മൂലധന ചെലവുകൾ)
പ്രാഥമിക കമ്മി = ധനകമ്മി - അറ്റ പലിശ അടവ്

docsplanet.com

aglasem.com

കമ്മി കുറക്കൽ

- ഇന്ത്യയിൽ ഗവൺമെൻറ് കമ്മി കുറയ്ക്കാൻ ശ്രമിക്കുന്നത് താഴെക്കൊടുത്തിരിക്കുന്ന മാർഗങ്ങളിലൂടെയാണ്
- നികുതി വർദ്ധിപ്പിക്കുക
- ചെലവ് ചുരുക്കുക
- പ്രത്യക്ഷ നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുക
- ഗവൺമെൻറിന്റെ പാഴ്ച്ചെലവുകൾ കുറയ്ക്കുക
- പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുക

.....

Chapter 6 -

സ്ഥൂല സാമ്പത്തിക ശാസ്ത്രവും തുറന്ന സമ്പദ് വ്യവസ്ഥയും (Open Economy Macro Economics)

തുറന്ന സമ്പദ്‌വ്യവസ്ഥ (Open Economy) : ഒരു രാജ്യത്തിന് മറ്റു രാജ്യങ്ങളുമായി സാമ്പത്തിക ബന്ധങ്ങളുണ്ടെങ്കിൽ അത്തരം സമ്പദ്‌വ്യവസ്ഥയെ തുറന്ന സമ്പദ്‌വ്യവസ്ഥ എന്നുപറയുന്നു. രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളെ മൂന്നായി തരം തിരിക്കാം :

ഉത്പന്ന വിപണി ബന്ധം(Output Market): വിദേശ വ്യാപാരത്തിലൂടെ സ്വദേശ സാധനങ്ങളും വിദേശ സാധനങ്ങളും ലഭ്യമാകുന്നു

ധനകാര്യ വിപണി ബന്ധം (Financial Market): വിദേശവ്യാപാരത്തിലൂടെ സ്വദേശ ആസ്തികളും വിദേശ ആസ്തികളും ലഭ്യമാകുന്നു.

തൊഴിൽ വിപണി ബന്ധം(Labour Market:):വിദേശ വ്യാപാരത്തിലൂടെ ഉത്പാദക യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സ്ഥലവും തൊഴിലാളികൾക്കു ജോലി ചെയ്യാനുള്ള സ്ഥലവും തെരഞ്ഞെടുക്കാം.

വ്യാപാര ശിഷ്ടം - Balance of Trade (BOT)

ഒരു രാജ്യം ഒരു വർഷം മറ്റ് രാജ്യങ്ങളുമായി നടത്തിയ ദൃശ്യമായ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും സമഗ്ര രേഖ.

ഒരു രാജ്യത്തെ ഒരു വർഷത്തെ മൊത്തം കയറ്റുമതിയും (X) ഇറക്കുമതിയും (M) തമ്മിലുള്ളവ്യത്യാസം. ദൃശ്യമായ ഇനങ്ങൾ (സാധനങ്ങൾ) മാത്രമേ ഉൾപ്പെടുന്നുള്ളൂ.

വ്യാപാര മിച്ചം	X > M
വ്യാപാര കമ്മി	X < M
സന്തുലിത വ്യാപാരം	X = M

അടവു ശിഷ്ടം - Balance of Payments (BOP)

ഒരു രാജ്യം ഒരു വർഷം മറ്റ് രാജ്യങ്ങളുമായി നടത്തിയ ദൃശ്യവും അദൃശ്യവുമായ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും സമഗ്ര രേഖ.

അടവു ശിഷ്ടം - അക്കൗണ്ടുകൾ

A.**കറന്റ് അക്കൗണ്ട്** -

ചരക്കുകൾ, സേവനങ്ങൾ, കൈമാറ്റ അടവുകൾ എന്നിവ ചേർന്ന അക്കൗണ്ട്.

കറന്റ് അക്കൗണ്ട് ബാലൻസ് ------> കറന്റ് അക്കൗണ്ടിലെ വരവും ചെലവും തുല്യം

കറന്റ് അക്കൗണ്ട് മിച്ചം -------> കറന്റ് അക്കൗണ്ടിലെ വരവ് കൂടുതലും ചെലവ് കുറവും

കറന്റ് അക്കൗണ്ട് കമ്മി -------> കറന്റ് അക്കൗണ്ടിലെ വരവ് കുറവും ചെലവ് കൂടുതലും

B. **മൂലധന അക്കൗണ്ട്**

ഒരു രാജ്യം ഒരു വർഷം മറ്റ് രാജ്യങ്ങളുമായി നടത്തിയ പണം, ഓഹരി, കടം തുടങ്ങിയ ആസ്തികളുടെ ഇടപാടുകളുടെ അക്കൗണ്ട്.

C. **ഒഫീഷ്യൽ റിസർവ്വ് അക്കൗണ്ട്**

D. **തെറ്റുകളും ഒഴിവാക്കലും**

വിട്ടു പോയ കണക്കുകൾ ഉൾപ്പെടുത്തുന്ന അക്കൗണ്ട്.

docsallery.com


വിദേശ വിനിമയ കമ്പോളം

കറൻസികളുടെ വിനിമയം നടക്കുന്ന കമ്പോളം.

വിനിമയ നിരക്ക് നിശ്ചയിക്കുന്ന രീതികൾ

1.അയവുള്ള വിനിമയ നിരക്ക്

വിനിമയ നിരക്ക്, വിദേശ കറൻസിയുടെ ചോദനവും, പ്രദാനവും ചേർന്ന് തീരുമാനിക്കുന്നു. ഗവൺമെന്റ് ഇടപെടുന്നില്ല.




അസ്ഥിര വിനിമയ നിരക്കിലെ സന്തുലിതാവസ്ഥ

കറൻസി യുടെ മൂല്യ ശോഷണം (Depreciation): അയവുള്ള വിനിമയ നിരക്ക് സമ്പ്രദായത്തിൽ വിദേശ കറൻസി കൈമാറ്റം ചെയുമ്പോൾ ആഭ്യന്തര കറൻസി യുടെ മൂല്യത്തിലുണ്ടാകുന്ന കുറവിനെയാണ് മൂല്യ ശോഷണം എന്ന് പറയുന്നത്.

കറൻസിയുടെ മൂല്യ വർദ്ധനവ് (Appreciation): അയവുള്ള വിനിമയ നിരക്ക് സമ്പ്രദായത്തിൽ വിദേശ കറൻസി കൈമാറ്റം ചെയുമ്പോൾ ആഭ്യന്തര കറൻസി യുടെ മൂല്യത്തിലുണ്ടാകുന്ന വർദ്ധനവിനെയാണ് മൂല്യ ശോഷണം എന്ന് പറയുന്നത്.

2.സ്ഥിര വിനിമയ നിരക്ക്

വിനിമയ നിരക്ക് ഗവൺമെന്റ് / കേന്ദ്ര ബാങ്ക് തീരുമാനിക്കുന്നു



കറൻസിയുടെ മൂല്യം കുറയ്ക്കൽ (Devaluation):സ്ഥിര വിനിമയ നിരക്ക് സമ്പ്രദായത്തിൽ ഔദ്യോഗിക നടപടികളിലൂടെ ആഭ്യന്തര കറൻസി യുടെ മൂല്യ കുറയ്ക്കുന്നതിനെയാണ് കറൻസി യുടെ മൂല്യം കുറയ്ക്കൽ എന്ന് പറയുന്നത്

കറൻസിയുടെ മൂല്യംവർധിപ്പിക്കൽ (Revaluation): സ്ഥിര വിനിമയ നിരക്ക് സമ്പ്രദായത്തിൽ ഔദ്യോഗിക നടപടികളിലൂടെ ആഭ്യന്തര കറൻസി യുടെ മൂല്യം വർധിപ്പി ക്കുന്നതിനെയാണ് കറൻസി യുടെ മൂല്യം വർധിപ്പിക്കൽഎന്ന് പറയുന്നത്.

3.മാനേജ്ഡ് ഫ്ലോട്ടിംഗ് വിനിമയ നിരക്ക്

സ്ഥിര വിനിമയ നിരക്ക് അയവുള്ള വിനിമയ നിരക്ക് എന്നിവയുടെ മിശ്രിതം. വിനിമയ നിരക്കിന് ഗവൺമെന്റ് നിശ്ചിത പരിധി നിശ്ചയിക്കുന്നു. ഈ പരിധിക്കുള്ളിൽ വിനിമയ നിരക്ക് അയവുള്ളതായിരിക്കും.

docs.aglasem.com